# പതിമൂന്നാം കേരളനിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2291 18.06.2014 ൽ മറുപടിക്ക്

## ഏകീകൃത പൊതുജനാരോഗ്യ നിയമം

| ചോദ്യം<br>ശ്രീ. എം. ഉമ്മർ : | | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ ആവശ്യകത സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും | പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തടയുന്നതിന് നിലവിലെ 1955-ലെ തിരുകൊച്ചി പൊതുജനാരോഗ്യ നിയമവും 1939-ലെ മദ്രാസ് പൊതുജനാരോഗ്യ നിയമവും ഫലപ്രദമാണ്. എന്നാൽ ഈ നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ നിയമങ്ങൾ ഏകീകരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യ നിയമം പാസാക്കുന്നതിനുള്ള കരട് സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നിലവിലില്ലാത്തതുമൂലം, വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത നിയമത്തിന്റെ അപര്യാപ്തത മൂലം വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ ആരോഗ്യ-ഭക്ഷ്യ-പോലീസ് വകുപ്പുകളുടെ സേവനങ്ങൾ വ്യക്തമായി നിഷ്കർഷിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; | | |
| (ഡി) | ഇല്ലെങ്കിൽ ബദൽസംവിധാനം എന്താണെന്ന് വിശദമാക്കാമോ? | | |

Manjith

സെക്ഷൻ ഓഫീസർ